മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെയാണല്ലോ ഇപ്പോൾ ചെയ്യുന്നത്.

ശ്രീ. എ. കെ. മണി : അല്ല. അത് തെറ്റാണ്. അയാളെ നമ്മൾ അംഗീകരിക്കാത്തതു കൊണ്ടാണ്. അവർ തോന്നിയതുപോലെ ചെയ്യുന്നത്. ഗവൺമെന്റ് അംഗീകരിക്കുകയാണെങ്കിൽ ഒരു സ്ഥലത്തിന് ഇത്ര ശതമാനം കമ്മീഷൻ ഉണ്ടാകണമെന്നത് ഗവൺമെന്റ് തീരുമാനം എടുക്കുകയാണെങ്കിൽ ആ കമ്മീഷൻ കിട്ടാൻ വേണ്ടി അയാൾ പണി എടുക്കും. പത്ത് ലക്ഷം രൂപയ്ക്ക് കച്ചവടം ചെയ്യേണ്ട സ്ഥലംപോലും സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചുകൊണ്ടാണ് കച്ചവടം നടത്തുക. താരിഫ് കമ്മിറ്റിയിൽ ഇവരെ ഉൾപ്പെടുത്തേണ്ടതാണ്. അങ്ങനെയാണെങ്കിൽ അവർക്ക് കിട്ടേണ്ട കമ്മീഷന് വേണ്ടി അവർ പണി ചെയ്ത് കച്ചവടം നടക്കുമ്പോൾ കിട്ടുന്ന സംഖ്യ ഗവൺമെന്റിലേക്കാണ് പോകുന്നത്.

ശ്രീ. പി. ജയരാജൻ : കമ്മീഷൻ ഏജന്റുമാരുടെ കാര്യം പറയുമ്പോൾ, കമ്മീഷൻ എന്നുപറയുന്നത് നിയമപ്രകാരമല്ലല്ലോ? തോന്നിയപോലെ കമ്മീഷൻ വാങ്ങുന്ന ഏജന്റുമാരും ഈ സംസ്ഥാനത്തുണ്ട് എന്ന യാഥാർത്ഥ്യംകൂടി അങ്ങ് അംഗീകരിക്കുമോ?

ശ്രീ. എ. കെ. മണി : അങ്ങ് പറഞ്ഞത് അംഗീകരിക്കുന്നു. അത് വേണ്ട എന്നതാണ് എന്റെ അഭിപ്രായം. ഇപ്പോൾ തോന്നിയതുപോലെയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. (You can continue next time)

ശ്രീ. എ. കെ. മണി : അത് ശരിയല്ല എന്നതാണ് എന്റെ അഭിപ്രായം. തോന്നിയ ഏർപ്പാട് വേണ്ട. ഗവൺമെന്റ് അവരെ അംഗീകരിക്കുകയും ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ആ സംഖ്യ മാത്രം വാങ്ങാൻവേണ്ടി അനുമതി ഉണ്ടാകുകയും വേണം. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ സംരക്ഷിക്കുവാൻവേണ്ടി ഗവൺമെന്റ് ഉദ്യോഗസ്ഥരെക്കാളും റവന്യൂ ഉദ്യോഗസ്ഥരെക്കാളും ഇവരെക്കൊണ്ട് കഴിയുമെന്നതാണ് എന്റെ അഭിപ്രായം.

(ചർച്ച തുടരും)

(9) 2003-ലെ കേരള കർഷക പരിരക്ഷാ കോൺട്രിബ്യൂട്ടറി (പെൻഷൻ ഫണ്ട്) ബിൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, 2003-ലെ കേരള കർഷക പരിരക്ഷാ കോൺട്രിബ്യൂട്ടറി (പെൻഷൻ ഫണ്ട്) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, സംസ്ഥാനത്തെ കർഷകരെ ആകമാനം അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളായി തിരിച്ച് അവർക്ക് താങ്ങാവുന്ന നിരക്കിലുള്ള കോൺട്രിബ്യൂഷൻ സ്വീകരിച്ചുകൊണ്ട് ഒരു പെൻഷൻഫണ്ട് രൂപീകരിക്കുക എന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ ബില്ലിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ബില്ലിലെ പല നിർദ്ദേശങ്ങളും നടപ്പാകാത്തത് പ്രായോഗിക വൈഷമ്യം കൊണ്ടുമാത്രമാണ്. മാത്രമല്ല, സംസ്ഥാനത്തെ കർഷകരുടെ വിവിധ വൈഷമ്യം കണക്കിലെടുത്തുകൊണ്ട് അവർക്ക് ആശ്വാസവും പ്രയോജനവും ലഭിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ സർക്കാർ ഇപ്പോൾ തന്നെ നടപ്പാക്കിവരുന്നുണ്ട്. ഉദാഹരണം, ഏതാണ്ട് എല്ലാ പ്രധാന വിളകൾക്കുംവേണ്ടി കേന്ദ്ര-സംസ്ഥാന പദ്ധതികൾ നിലവിലുണ്ട്. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിച്ചുവരുന്നുണ്ട്. വിലത്തകർച്ച നേരിടുന്ന വിളകൾക്ക് അതാത് സന്ദർഭങ്ങളിൽ വിപണി ഇടപെടൽ പ്രകാരം വിള സംരക്ഷണം നടത്തി കർഷകർക്ക് ആശ്വാസം നൽകുന്നുണ്ട്. റബ്ബർ, കാപ്പി, തേയില എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിന്റെ പ്രയോജനവും കർഷകർക്ക് ഇപ്പോൾ ലഭിക്കുന്നുണ്ട്. സംസ്ഥാന സർക്കാരും അമ്പത് കോടി രൂപയുടെ പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് രൂപീകരിക്കുന്ന കാര്യം സജീവമായി പരിശോധിച്ചുവരുകയാണ്. ഇപ്പോൾ മിക്കവാറും എല്ലാ കാർഷിക വിളകൾക്കും സംസ്ഥാന വിളകൾക്കും ഇൻഷ്വറൻസ് പദ്ധതിയുടേയും ആറ് വിളകൾക്ക് ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടേയും പരിരക്ഷ നിലവിലുണ്ട്. ശ്രീ. തോമസ് ഉണ്ണിയാടന്റെ ബില്ലിൽ പ്രായോഗിക വൈഷമ്യമുള്ള നിരവധി നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നു എന്നതിനു പുറമേ ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്ന് ഭീമമായ തുകയുടെ ചെലവിന് ഇത് വഴിതെളിക്കും. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വൈഷമ്യംകൂടി കണക്കിലെടുക്കുമ്പോൾ ഇത്തരം ബില്ലിന് പ്രസക്തിയില്ല എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനാൽ ഇതിന്റെ അവതരണം നിഷേധിക്കാവുന്നതാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഈ ബില്ലിന് പ്രസക്തിയില്ലെന്ന അങ്ങയുടെ വാക്കുകൾ കേട്ടപ്പോൾ ഒരു കർഷക കുടംബത്തിൽ ജനിക്കുകയും കർഷകനായി ജീവിക്കുകയും ചെയ്ത് മുന്നോട്ടു പോകുന്ന എന്റെ നെഞ്ചിലുണ്ടായ വേദന വളരെ ആഴത്തിലുള്ളതാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം ആ മേഖലയിൽ കഷ്ടപ്പെടുന്ന കർഷകർക്ക്, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കുറേ ആനുകൂല്യങ്ങൾ ചില സന്ദർഭങ്ങളിൽ താൽക്കാലികമായി കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ കുറേ ആശ്വാസങ്ങളുണ്ടാകുമെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ ശാശ്വതമായി ഈ മേഖലയിൽ കഷ്ടപ്പെടുന്ന കർഷകന് ഒരു പരിഹാരമുണ്ടാക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നില്ല എന്നുള്ളതാണ് ദുഃഖകരമായ സത്യം. നാടിനു വേണ്ടി കർഷകൻ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ആരേയും പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതില്ല. ഒരു കാലഘട്ടത്തിൽ കർഷകൻ എന്നു പറയുന്നത് വലിയ ബൂർഷ്വാസിയായും വലിയ മുതലാളിമാരായുമൊക്കെ കണ്ടുകൊണ്ടിരുന്ന കുറേ വ്യക്തികളും പ്രസ്ഥാനങ്ങളും സമൂഹവുമൊക്കെയുണ്ടായിരുന്നു. പക്ഷേ കാലം മാറിയപ്പോൾ എല്ലാ വിഭാഗം ആളുകളും കർഷകനെ അങ്ങേയറ്റം ആദരിക്കുകയും കർഷകനില്ലെങ്കിൽ നാട് മുന്നോട്ടുപോകുകയില്ലായെന്നുള്ള യഥാർത്ഥ വസ്തുത

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനങ്ങൾ എപ്പോഴും കർഷകന്റെ പ്രാധാന്യം തുടക്കം മുതലേ കാണാൻ ശ്രമിക്കുകയും ആ നിലയിൽ തന്നെ പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകളാണ്. എല്ലാ വിഭാഗം കർഷകനും നാടിന്റെ നട്ടെല്ലാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. എല്ലാവർക്കും അത് അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള കാര്യവുമല്ല. ഓരോ മേഖലയിലും ഓരോ കർഷകനും കനത്ത സംഭാവനകൾ നൽകുന്നുണ്ട്. നാളികേര കർഷകനെ സംബന്ധിച്ചിടത്തോളം നാളികേരത്തിന് ഇപ്പോൾ അൽപ്പം വിലയുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ എന്തെല്ലാം ബുദ്ധിമുട്ടുകളെ അതിജീവിച്ചാണ് നാളികേര കർഷകർ മുന്നോട്ടു പോകുന്നത്. കാറ്റു വീഴ്ച, മണ്ഡരി, വിലത്തകർച്ച ഇങ്ങനെയുള്ള നിരവധിയായിട്ടുള്ള പ്രശ്നങ്ങളെ അതിജീവിച്ചു കൊണ്ടുവേണം കർഷകന് മുന്നോട്ടുപോകാൻ. നെൽ കർഷകനെ സംബന്ധിച്ചിടത്തോളം നമുക്കെല്ലാവർക്കും അറിയാവുന്ന വസ്തുതയാണ് അവർ നിലം ഉഴുതുമറിച്ച്, വിത്തു പാകി, കള പറിച്ച്, കൊയ്ത്ത്, മെതിച്ചെടുത്ത്, അത് അരിയാക്കി, ചോറാക്കി ആളുകൾക്ക് കൊടുക്കുന്ന സന്ദർഭത്തിൽ എത്രമാത്രം ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിച്ചുകൊണ്ടാണ് നെൽ കർഷകൻ മുന്നോട്ടു പോകുന്നത്. കൃഷിയിറക്കുന്ന സന്ദർഭത്തിൽ ഓരോ സ്ഥലങ്ങളിലെ കൃഷിക്കാരനും ബ്ലേഡ് എന്ന് വിശേഷിപ്പിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുപോലും പണം അമിത പലിശയ്ക്കെടുത്താണ് പല സ്ഥലത്തും കൃഷി ചെയ്യുന്നത്. കൃഷി ചെയ്തതിനുശേഷം വിള നാശവും മറ്റു ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതിന്റെ അടിസ്ഥാനത്തിൽ വിചാരിക്കുന്നതിന്റെ പകുതിപോലും, അല്ലെങ്കിൽ അൽപ്പംപോലും ലഭിക്കാത്ത സാഹചര്യം വരുമ്പോൾ ബ്ലേഡ് സ്ഥാപനങ്ങളിൽ നിന്ന്, അല്ലെങ്കിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള പണം തിരിച്ചടയ്ക്കാതെ വരുകയും ജപ്തിയും മറ്റു കാര്യങ്ങളും വന്ന് കുടുംബം മുഴുവൻ ആത്മഹത്യയിലേയ്ക്ക് പോകുന്ന എത്രയോ സംഭവങ്ങൾ നമ്മുടെ നാട്ടിൽ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. റബ്ബർ കർഷൻ നാടിന്റെ നട്ടെല്ലാണ്. കേരളത്തിലെ കാർഷിക സമ്പദ് വ്യവസ്ഥയുടെ പ്രധാനപ്പെട്ട പങ്കുതന്നെ റബ്ബർ കാർഷിക മേഖലയുമായി ബന്ധപ്പെട്ടാണ്. റബ്ബർ കർഷകന് ഇപ്പോൾ ആശ്വാസമായിട്ടുള്ള വില ലഭിക്കുന്നുണ്ടെന്നുള്ളത് ശരിയാണെങ്കിൽപ്പോലും എത്രയോ നാളുകൾക്കുശേഷമാണ് അൽപ്പം വിലയെങ്കിലും ലഭിക്കാനുള്ള സാഹചര്യ മുണ്ടായത്. ഇതും സ്ഥിരമായിട്ട് നിലനിൽക്കുമെന്ന് ഒരിക്കലും പറയാൻ കഴിയില്ല. റബ്ബർ കർഷകൻ കാലാകാലങ്ങളായി ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കുറച്ചു നാളുകളായി റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട സംഭവം സംബന്ധിച്ച് നമുക്കെല്ലാവർക്കും ഒരുപാട് പ്രതീക്ഷയുണ്ടാക്കുന്ന തരത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കുമരകത്തു വന്ന സന്ദർഭത്തിൽ പ്രഖ്യാപിച്ച പാക്കേജ് പദ്ധതിയുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള കാര്യങ്ങൾ, കാർഷികോൽപ്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്താമെന്നും ആ നിലയ്ക്ക് പ്രയോജനം ലഭിക്കുമെന്നുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായി. പക്ഷേ ഇന്നുവരേയും ആ നിലയിലുള്ള ഒരു പ്രഖ്യാപനം ഉണ്ടായതല്ലാതെ, താളുകളിൽ വിശ്രമിക്കുന്നതല്ലാതെ ഒരു നടപടിയും ഉണ്ടായില്ല. വാണിജ്യമന്ത്രാലയം ഒരു തരത്തിലും ആ നിലയിലേയ്ക്ക് നീങ്ങുന്നില്ല. ഇറക്കുമതി ചുങ്കം 25% കൂടി ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത് വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചുകൊടുക്കാൻ കഴിയുമോ എന്നുള്ള ശ്രമത്തിലേയ്ക്ക് കേന്ദ്രസർക്കാർ മുന്നോട്ടു പോകുകയാണ്. അത് തീർച്ചയായിട്ടും ആശങ്കയുണ്ടാക്കുന്ന ഒരു നടപടിയാണ്. അങ്ങനെയൊരു സാഹചര്യം വന്നാൽ, ഇറക്കുമതി ധാരാളമായി വരികയും വില താഴോട്ടു പോകുകയും ചെയ്താൽ റബ്ബർ കർഷകന്റെ സ്ഥിതിയും ദുഃഖകരമായിരിക്കും. ഏലം, കാപ്പി, തേയില, ഇഞ്ചി തുടങ്ങി ഏതു വിളകൾ കൃഷി ചെയ്യുന്ന കർഷകനായാലും കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. താൽക്കാലികമായി ലഭിക്കുന്ന കൂടിയ വില ശാശ്വതമായി നിൽക്കുമെന്ന് ഒരു കാരണവശാലും പ്രതീക്ഷിക്കാൻ സാധ്യമല്ല. അങ്ങനെ വരുന്ന സന്ദർഭത്തിൽ ഈ കർഷകന് ശാശ്വതമായിട്ടുള്ള പരിഹാരമുണ്ടാക്കുക എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ പെൻഷൻ സ്ക്കീം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. എം. എ. വാഹീദ്: സർ, റബ്ബർ മുതൽ ഇഞ്ചി വരെ കൃഷിചെയ്യുന്ന കർഷകരുടെ കാര്യങ്ങൾ പറഞ്ഞു. രാഷ്ട്രീയം കൃഷിയായി, ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്ന രാഷ്ട്രീയ കർഷകരുടെ വിലത്തകർച്ച സംഭവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ എന്തുകൊണ്ട് അക്കാര്യം കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തിയില്ല?

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇതിൽ രാഷ്ട്രീയത്തിന്റെ അതിർവരമ്പുകൾ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. മൂല്യത്തകർച്ച പൊതുവേ ഉണ്ടായതിന് നമുക്കെല്ലാവർക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്.

ശ്രീ. പി. ജയരാജൻ: സർ, ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞിട്ടുള്ള വാദഗതികളോട് ഞാൻ യോജിക്കുകയാണ്. ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിനും കൗതുകം എന്ന അടിസ്ഥാനത്തിലാണ് ഈ വിഷയത്തിൽ രാഷ്ട്രീയം കൊണ്ടുവരുന്നത്. ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. വളരെ വിലപ്പെട്ട കാര്യങ്ങളാണ് കൃഷിക്കാർക്കുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കൃഷിക്കാർക്കുവേണ്ടി 13 സംസ്ഥാനങ്ങളിൽ ഒരു സ്ക്കീം നടപ്പാക്കിയിട്ടുണ്ട്. ഏഴ് വർഷത്തെ കാർഷിക വിലയുടെ അടിസ്ഥാനത്തിൽ പരിഗണിച്ചുകൊണ്ട് താങ്ങുവിലയെക്കാളും കുറഞ്ഞ വില ഏതെങ്കിലും സന്ദർഭത്തിൽ വരുകയാണെങ്കിൽ ആ വില സംരക്ഷിക്കത്തക്ക നിലയിലുള്ള ഒരു ഇൻഷ്വറൻസ് പദ്ധതി ഇൻഡ്യയിലെ 13 സംസ്ഥാനങ്ങളിൽ കേന്ദ്ര കൃഷി വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അത് ഈ സംസ്ഥാനത്ത് നടപ്പാക്കിയില്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, തീർച്ചയായിട്ടും. കഴിയുന്നത്ര ക്ഷേമപദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാൻ സംസ്ഥാന സർക്കാർ ഇപ്പോൾ ശ്രമിക്കുന്നുണ്ട്. അത് കുറച്ചുകൂടി വേഗത്തിൽ കൊണ്ടുപോകണമെന്നുള്ള ആഗ്രഹം എനിക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സർ, മറുപടിയിൽ സംസ്ഥാന സർക്കാർ 50 കോടി രൂപയുടെ പ്രൈസ് സ്റ്റബിലൈസേഷൻ ഫണ്ട് രൂപീകരിക്കുന്ന കാര്യം സജീവമായി പരിശോധിച്ചുവരുകയാണെന്നു പറഞ്ഞു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, സംസ്ഥാന സർക്കാർ ആ കാര്യത്തിൽ വിജയിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ, അങ്ങയുടെ സമയം കഴിഞ്ഞു. You can continue next time.

ശ്രീ. തോമസ് ഉണ്ണിയാടൻ: ഒരു വാക്കു കൂടി പറഞ്ഞ് നിർത്താം. ഈ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ സംസ്ഥാന സർക്കാരിന് ഒരു ബാധ്യതയും ഉണ്ടാകുന്ന നിലയിലുള്ള ഒരു ബിൽ അല്ല. ഇതൊരു Contributory Fund-ൽ നിന്ന് കൊടുക്കേണ്ട പെൻഷനാണ്. കർഷകരുടെ വരുമാനത്തിനനുസരിച്ച് അവരെ തരംതിരിച്ചുകൊണ്ട് നമുക്ക് ആ ഫണ്ട് രൂപീകരിക്കാൻ കഴിയും. വരുമാനമുള്ള കർഷകരിൽ നിന്ന് പ്രത്യേകമായിട്ടുള്ള തുക നമുക്ക് contribution ആയിട്ട് സ്വീകരിക്കാൻ കഴിയും. വരുമാനം തീരെയില്ലാത്ത പാവപ്പെട്ടവരായിട്ടുള്ള കർഷകരുടെ വരുമാനത്തിൽ നിന്ന് എടുക്കാൻ സാധ്യമല്ല. പൊതുമാർക്കറ്റിൽ വിൽപ്പന നടത്തുന്ന കാർഷികോൽപ്പന്നങ്ങളിൽ നിന്ന് നിശ്ചിത ചുങ്കം ഏർപ്പെടുത്തുകയും സ്റ്റാർ ഹോട്ടലുകളിൽ അല്ലെങ്കിൽ ബാർ ഹോട്ടലുകളിൽ എടുക്കുന്ന കാർഷികോൽപ്പന്ന വിഭവങ്ങളിൽ നിന്ന് പ്രത്യേകമായ ടാക്സ് ഈടാക്കുകയും ചെയ്താൽ തീർച്ചയായിട്ടും സർക്കാരിന് യാതൊരു വിധത്തിലുള്ള മുതൽമുടക്കുമില്ലാതെ, യാതൊരു ഫണ്ടിംഗും ഇല്ലാതെ ആവശ്യമായ ഫണ്ട് രൂപീകരിച്ചെടുക്കാൻ കഴിയും. 14 അംഗങ്ങളുള്ള ഒരു ബോർഡിനെക്കുറിച്ചാണ് ഞാൻ ബില്ലിൽ പറഞ്ഞിട്ടുള്ളത്. ഈ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഫണ്ടുകൾ വാണിജ്യ വ്യവസായമേഖലയിൽ നിക്ഷേപിക്കുകയും ചെയ്താൽ അവിടെ നിന്ന് വരുമാനം നമുക്ക് ലഭിക്കുകയും ചെയ്യും. ഇത് പല രാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ള പദ്ധതിയാണെന്നു മനസ്സിലാക്കാൻ തയ്യാറാകണം. ബ്രിട്ടനിൽ ഇതു നടപ്പിലാക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ട്. ചൈനയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതൊരു contribution ആണ്. ഒരു ബാധ്യതയും ഗവൺമെന്റിനില്ല. ഗവൺമെന്റിന്റെ ഗൈഡ്ലൈൻ മാത്രം കൊണ്ട് ഇതു നടപ്പിലാക്കാൻ കഴിയും. ഇതൊരു നല്ല സ്ക്കീമാണ് എന്നാണ് പറയാനുള്ളത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, Contributory Pension സംവിധാനം ബ്രിട്ടനിലും മറ്റു രാജ്യങ്ങളിലും നടപ്പാക്കിയെന്ന കൃഷിക്കാരുടെ അനുഭവം വച്ചാണ് പറയുന്നത്. നമ്മുടെ നാട്ടിലെ വിലത്തകർച്ചയും കാർഷികമേഖലയിലെ പ്രശ്നങ്ങളുംകൊണ്ട് സാമ്പത്തികമായി തകർന്ന, കുത്തുപാളയെടുത്ത കൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ഇതിനകത്ത് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ: തീർച്ചയായിട്ടും. ശ്രീ. കുഞ്ഞിരാമൻ പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. എല്ലാ വിഭാഗത്തിലുള്ള കർഷകരേയും മുന്നിൽ കണ്ടുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നത്. സമ്പന്നന്മാരായിട്ടുള്ള കർഷകർ ഒരു വിഭാഗമുണ്ട്. അവരുടെ വരുമാനത്തിൽ നിന്ന് വാങ്ങണം. പാവപ്പെട്ട കർഷകനെ സഹായിക്കാൻ വേണ്ടിയാണ് കാർഷികോൽപ്പന്ന വിഭവങ്ങൾ സ്റ്റാർ ഹോട്ടലുകളിലും മറ്റു വലിയ ഹോട്ടലുകളിലും കൊടുക്കുന്ന സന്ദർഭത്തിൽ വ്യക്തമായ നിലയിൽ ചില കാര്യങ്ങളിൽ നീക്കമുണ്ടായാൽ അവരിൽ നിന്നും ടാക്സ് ഈടാക്കാൻ കഴിയും. ആ ടാക്സ് ഈ ഫണ്ടിലേയ്ക്ക് കൊണ്ടുവന്നാൽ പാവപ്പെട്ട, ദരിദ്രരായിട്ടുള്ള, കഷ്ടതയനുഭവിക്കുന്ന കർഷകരുടെ വിഹിതമായി ഈ ഫണ്ടിലേയ്ക്ക് നമുക്ക് കൊണ്ടുവരാൻ കഴിയും. തീർച്ചയായിട്ടും ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തുന്ന ഒരു സാഹചര്യം ശാശ്വതമായി ഉണ്ടായാൽ കേരളത്തിലെ കർഷകരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയായിരിക്കും ഇത്.

മി. ഡെപ്യൂട്ടി സ്പീക്കർ: You can continue next time.

ശ്രീ. തോമസ് ഉണ്ണിയാടൻ: I will continue next time.

(ചർച്ച തുടരും)

(10) 2002-ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

ശ്രീമതി ശോഭനാ ജോർജ്: സർ, 2002-ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ): സർ, ദക്ഷിണഗംഗ എന്ന് പുകഴ്പെറ്റ പുണ്യനദിയാണ് പമ്പാനദി. കോടിക്കണക്കിന് ശബരിമല തീർത്ഥാടകർ പമ്പയിൽ മുങ്ങിക്കുളിച്ചാണ് സായൂജ്യമടയുന്നത്.
12.00 Noon] തീർത്ഥാടകരുടെ പ്രവാഹവും പമ്പയുടെ മാർഗ്ഗമധ്യേയുള്ള പട്ടണങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന മാലിന്യങ്ങളുമൊക്കെ പുണ്യ നദിയായ പമ്പയെ മലിനമാക്കുന്നതിന് വലിയ പങ്കുവഹിക്കുന്നുണ്ട്. പമ്പയുടെ പരിപാവനത നിലനിർത്തുക എന്നത് പാരിസ്ഥിതിക പ്രശ്നത്തേക്കാളുപരി കോടിക്കണക്കിന് ശബരിമല തീർത്ഥാടകരുടേയും കേരളീയരുടേയും ആവശ്യമാണ്. ഇതിനുവേണ്ടിയുള്ള മുറവിളി പല കേന്ദ്രങ്ങളിലും ഉയർന്നുവന്നിട്ടുണ്ട്. പമ്പാനദിയുടെ മാഹാത്മ്യവും പ്രാധാന്യവും ഇതിനകംതന്നെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ദേശീയ നദി സംരക്ഷണ പദ്ധതിയിൽ കേന്ദ്രസർക്കാർ പമ്പാ നദിയെ ഉൾപ്പെടുത്തിക്കഴിഞ്ഞു. മലിനീകരണ വിമുക്തമാക്കി പമ്പാനദിയുടെ പരിശുദ്ധി നിലനിർത്തുന്നതിനുവേണ്ടി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയത് കേന്ദ്ര പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചിരിക്കുന്നു. ഇതിനുവരുന്ന ചെലവിന്റെ 70% കേന്ദ്രസർക്കാരും 30% സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly